പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3435 — 11-12-2018-ലെ മറുപടിയ്ക്ക്

## കൃഷി സ്ഥലങ്ങളുടെ കേട്ടുപാട്ടുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കൃഷി സ്ഥലങ്ങൾക്ക് കാലവർഷക്കെടുതിയിലും പ്രളയത്തിന്റെ ഫലമായും സംഭവിച്ചിട്ടുള്ള കേട്ടുപാട്ടുകൾ തീർക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളതും സ്വീകരിച്ചു വരുന്നതുമായ നടപടികൾ വിശദീകരിക്കുമോ; | (എ) | ചെളിമണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽ മൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും 621 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കൃഷിയിടങ്ങളിലേക്ക് ആവശ്യമായ കുമ്മായം 75% സബ്സിഡി നിരക്കിൽ, 43,100 ഹെക്ടർ സ്ഥലത്തേയ്ക്ക് ഹെക്ടർ ഒന്നിന് 5,400/- രൂപ നിരക്കിൽ വിതരണം ചെയ്തു. ഈയിനത്തിൽ 23.40 കോടി രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിച്ചിട്ടുണ്ട്. ഈ ആനുകൂല്യം 10,000 ഹെക്ടർ സ്ഥലത്തേയ്ക്ക് കൂടി ലഭ്യമാക്കുന്നതിന് 5.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മഹാപ്രളയത്തിൽ തകർന്നുപോയ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 270 ബണ്ടുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ച് എസ്റ്റിമേറ്റിന്റെ 20% തുക അഡ്വാൻസായി പാടശേഖര സമിതികൾക്ക് നൽകി. 25 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്ക് ഇ-ടെൻഡർ നടപടികൾ ഒഴിവാക്കി വേഗത്തിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പമ്പിംഗ് സബ്സിഡി നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കി. കൃഷിയിറക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കാക്കി പമ്പിംഗ് സബ്സിഡി നൽകുന്നതിനും തൻ സീസണിലെ കൃഷിയ്ക്ക് പമ്പിംഗ് സബ്സിഡി നൽകുന്നതിനും കോൺട്രാക്ടർ മുഖേന നടത്തുന്ന പമ്പിംഗിന് നൽകിവരുന്ന അതേ നിരക്ക് തന്നെ (പുഞ്ചയ്ക്ക് ഏക്കറിന് 1800 രൂപയും വിരിപ്പിന് ഏക്കറിന് 1900 രൂപയും) പാടശേഖരസമിതി/ കർഷകർക്ക് സ്വന്തമായി നടത്തുന്ന പമ്പിംഗ് ജോലികൾക്കും നൽകുന്നതിനും അനുമതി നൽകി. പ്രളയത്തിൽ തകർന്ന ബണ്ടുകൾ ബലപ്പെടുത്തുന്നതിനും കൃഷിയിടത്തിലെ ചെളി |

| | | | |
|---|---|---|---|
| | | | നീക്കം ചെയ്യുന്നതിനും ഫലവൃക്ഷതൈകളുടെ നടീൽ ഉൾപ്പെടെയുള്ള കൃഷിപ്പണികൾ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി. മഹാപ്രളയത്തിൽ നശിച്ച പമ്പുസെറ്റുകൾ, പെട്ടിപറ എന്നിവയുടെ അറ്റകുറ്റപണികൾക്കും വെള്ളം വറ്റിക്കുന്നതിനും ബണ്ട് റിപ്പയറിംഗിനുമായി 174.78 ലക്ഷം രൂപ ധനസഹായം ലഭ്യമാക്കി. ഇതിനുപുറമേ. 25.81 കോടി രൂപ കൂടി അധികമായി സർക്കാർ അനുവദിച്ചിട്ടുണ്ട്.മണ്ണ് പര്യവേക്ഷണ-സംരക്ഷണ വകുപ്പ് ഉരുൾപ്പൊട്ടലുണ്ടായ പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. |
| **(ബി)** | ഇടിഞ്ഞു പോയ വയലോരങ്ങളും തകർന്ന തോടിന്റെ കരകളും മണ്ണ് വീണ് നിറഞ്ഞ പാടശേഖരങ്ങളും നഷ്ടമായ ജലസേചന സൗകര്യങ്ങളും പുനഃസ്ഥാപിക്കുവാൻ ആവശ്യമായ നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കൃഷി വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ; | **(ബി)** | **<u>പത്തനംതിട്ട ജില്ല:-</u>** മണ്ണ് വീണ് നിറഞ്ഞ പാടശേഖരങ്ങൾ, നഷ്ടമായ ജലസേചന സൗകര്യങ്ങൾ ഇവ പുനഃസ്ഥാപിക്കുവാൻ 165.942 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>**<u>കോട്ടയം ജില്ല:-</u>** പ്രളയം മൂലം ഇടിഞ്ഞുപോയതും മടവീഴ്ച മൂലം നാശം സംഭവിച്ചതുമായ പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മിക്കുന്നതിനും, പാടശേഖരങ്ങളിൽ അടിഞ്ഞുകൂടിയ ചെളിമണ്ണ് നീക്കം ചെയ്യുന്നതിനും പാടശേഖര സമിതിയ്ക്ക് ധനസഹായം നൽകുന്നതിന് ബണ്ട് എംബാങ്ക്മെന്റിനും സാമ്പത്തിക സഹായം നൽകുന്നുണ്ട്. മാത്രമല്ല കേട് സംഭവിച്ച മോട്ടോറുകൾ റിപ്പയർ ചെയ്യുന്നതിനും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.<br>**<u>ആലപ്പുഴ ജില്ല:-</u>**പ്രളയത്തിൽ കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്ത് കൃഷിയോഗ്യമാക്കുന്നതിന് ധനസഹായമായി ഹെക്ടറിന് 12,200/- രൂപ പ്രകാരം കൃഷി വകുപ്പ് നൽകി വരുന്നു. ഇതിനായി 360 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വെള്ളത്തിനടിയിലായ 204 മോട്ടോറുകൾ റിപ്പയർ ചെയ്യതിന് 40.1 ലക്ഷം രൂപ ചെലവഴിച്ചു. ബാക്കിയുള്ള മോട്ടോറുകളുടെയും പെട്ടി പറ ഇവയുടെയും റിപ്പയറിംഗിനായി 360 ലക്ഷം രൂപ അനുവദിച്ചത് വിതരണം ചെയ്തു വരുന്നു. |

(സി) ഈ പ്രവൃത്തികൾക്കാവശ്യമായ ഫണ്ട് കണ്ടെത്തുന്നത് ഏതു ശീർഷകത്തിൽ നിന്നാണെന്നും ഇതിനായി വകയിരുത്തിയ തുകയെത്രയാണെന്നും അറിയിക്കുമോ ?

(സി) **പത്തനംതിട്ട**

| ക്രമ നം. | ശീർഷകം | ഇനം | അനുവദിച്ച തുക |
|---|---|---|---|
| 1 | 2245-02-114-99-എഫ് | പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം | 185 ലക്ഷം |
| 2 | 2245-02-115-99-എഫ് | കൃഷിസ്ഥലത്തെ ചെളി നീക്കംചെയ്യൽ | 200 ലക്ഷം |

**കോട്ടയം**

| ക്രമ നം. | ശീർഷകം | ഇനം | അനുവദിച്ച തുക |
|---|---|---|---|
| 1 | 2245-02-114-99-ഫ്ലഡ് | ബണ്ട് നിർമ്മാണം, പമ്പ്സെറ്റ് റിപ്പയറിംഗ് എന്നിവയ്ക്ക് | 290 ലക്ഷം |
| 2 | 2245-02-115-99 | മണ്ണ്, ചെളി നീക്കം ചെയ്യൽ | 16 ലക്ഷം |

**ആലപ്പുഴ**

| ക്രമ നം. | ശീർഷകം | ഇനം | അനുവദിച്ച തുക (ലക്ഷം) |
|---|---|---|---|
| 1 | 2245-01-101-94 | മടവീഴ്ച, ബണ്ട് റിപ്പയർ | 142.76 |
| 2 | 2245-01-101-94 | മോട്ടോർ റിപ്പയർ | 40.1 |
| 3 | 2245-02-114-99 | മോട്ടോർ റിപ്പയർ | 360 |
| 4 | 2245-02-115-99 | മണ്ണ്, ചെളി നീക്കം ചെയ്യൽ | 360 |

സെക്ഷൻ ഓഫീസർ